സ്വച്ഛന്ദമായി വിഹരിച്ചിരുന്ന തടാകത്തിൽ നിന്ന് രൂക്ഷമായലറുന്ന ആഴിയുടെ ആഴങ്ങളിലേയ്ക്കെന്നപോലെ. ഈ സുന്ദര സന്ധ്യകളെയും ഫലപ്രദായക വൃക്ഷങ്ങളെയും പിരിഞ്ഞ് അനന്യതയുടേയും, കള്ളത്തരത്തിന്റെയും ചാപല്യത്തിന്റെയും ലോകത്തിലേയ്ക്കു നീങ്ങുന്നു. സടകുടഞ്ഞെഴുന്നേൽക്കുക, ചടുലമായ് ചലിയ്ക്കുക. അതുമാത്രമാണാശ്രയം. പക്ഷേ ചുവടുകൾ ഉറപ്പിച്ചു കഴിഞ്ഞുവോ ? എന്തോ ? ഇനി പയറ്റിത്തെളിയുകയാണാവശ്യം എന്ന് തോന്നുന്നു.

എത്ര ശ്രമിച്ചിട്ടും ആശ്വസിച്ചിട്ടും കദനഭാരം കുറയുന്നില്ല. വാക്കുകൾക്കതീതമായ ഒരു പ്രതിഭാസം, ചിന്തകൾ കാടുകയറുന്നു. അനന്തവിശാലമായ ഈ പാത കാണുമ്പോൾ സ്മൃതിയുടെ കവാടങ്ങൾ തട്ടിത്തുറന്നു കൊണ്ട് ആ ചിന്ത വീണ്ടും എന്നെ വ്യാകുലചിത്തനാക്കുകയാണ്. ജീവിതമാകുന്ന ഈ യാത്രയുടെ കവലയിൽ ഒരു പിടി സംശയങ്ങളും ഒരു പാട് മുഗ്ദ്ധ സ്വപ്നങ്ങളുമായി ജ്ഞാനവദനനായി നിൽക്കുന്ന എന്നെ ആരും കാണുന്നില്ലേ? അതോ കാണുന്നില്ലെന്ന് ഭാവിക്കുകയാണോ ?

" പരോപകാരാർത്ഥ മിദം ശരീരം "

കവിത

# സാക്ഷരദീപം

ഫാസിൽ എ. എസ്.
റോൾ നമ്പർ. 2452; ക്ലാസ്സ് IX A

അക്ഷരങ്ങളാം താക്കോലിനാലേ
അന്തഃകരണത്തിൻ പൂട്ടുതുറന്നീടാം
അറിവിൻെറ തിരിനാമ്പു നീട്ടിയാൽ
അജ്ഞതയാമന്ധകാര മകററീടാം
അമ്മയ്ക്ക് തൻ കിടാങ്ങളെ കാത്തീടാൻ
അച്ഛനു തൻെറ സമ്പത്തു സൂക്ഷിക്കുവാൻ
അറിവിന്നാധാരമാമക്ഷരങ്ങളെ
അകതാരിലർപ്പിച്ചിടേണം
സതിയും സ്ത്രീധനപീഡനവും
സമൂലം മാററി വിജയിപ്പാൻ
സാക്ഷരരാകുവാൻ സുമനസ്സാലെ
ഉണരുക വേഗം സോദരരേ!
ഉൾക്കൊള്ളുകക്ഷരമാദരവോടെ
സത്വരം മുന്നേറുക സർവ്വരും!!



ചെറുകഥ

# ധീരയായിരിക്കൂ, കുട്ടീ, ധീരയായിരിക്കൂ !

ലീനാ വാസു
റോൾ നമ്പർ 2485; ക്ലാസ്സ് IX A

ഏകാന്തത ! ആ വാക്കു കേട്ടു മടുത്തു ! ജീവിതത്തിൻെറ കല്ലോലങ്ങളിൽപ്പെട്ട് ഉലഞ്ഞപ്പോഴും തന്നെ രക്ഷിക്കാൻ ആരുമുണ്ടായിരുന്നില്ല.

ഏതെങ്കിലും വാഹനത്തിൽ കൂടി യാത്ര ചെയ്യുമ്പോഴും ഏതെങ്കിലും അപകടം പററിച്ചാലും വേണ്ടില്ല എന്നുപോലും ആശിക്കാറുണ്ട്. പക്ഷേ, പണ്ട് ഈ വക ചിന്തകളൊന്നും തന്നെ അലട്ടിയിരുന്നില്ല. കുലംകുത്തിയൊഴുകുന്ന നദി, തിരമാലകളുമായി ആഞ്ഞടിക്കുന്ന സമുദ്രം. എല്ലാം കാണുമ്പോഴും അതിലെങ്ങാനും അകപ്പെട്ടുപോയാലോ എന്ന് താൻ ഭയപ്പെട്ടിരുന്നു !

വർഷങ്ങൾ കൊഴിഞ്ഞുപോയ്ക്കൊണ്ടിരുന്നു. കാലം മാറിക്കൊണ്ടിരുന്നപ്പോഴും തനിക്ക് എല്ലാം മനസ്സിലായി. സ്നേഹത്തിൻെറ പൊയ്മുഖം മാത്രം അണിഞ്ഞു വന്നവരെയാണ് നിഷ്കളങ്കയായ താൻ സ്നേഹിച്ചിരുന്നത് ! യഥാർത്ഥത്തിൽ തനിക്കാരുമില്ലെന്ന് ഇപ്പോൾ മനസ്സിലായി. എല്ലാവരുടെയും വെറുപ്പിൻെറ കണികകൾ ഏററുവാങ്ങിയ തൻെറ മനസ്സ് തന്നെ എല്ലാവരിൽനിന്നുമകലാൻ തുടങ്ങി. താനറിയാതെ തന്നെത്തന്നെ വെറുക്കുകയായിരുന്നു. ജീവിതമെന്ന വിശാലമായ സാഗരം നീന്തിക്കടക്കാൻ അസാധ്യമായി തനിക്ക് തോന്നിത്തുടങ്ങി. മരണത്തെ സ്വീകരിക്കാൻ ആയിരം പൂച്ചെണ്ടുകളുമായി നില്ക്കുന്നവരിലൊരാളായി താൻ മാറിക്കഴിഞ്ഞിരിക്കുന്നു.

തൻെറ മനസ്സിൽ ആശകളുടെ കിരണവുമായി എത്രയെത്ര സ്വപ്നങ്ങൾ കടന്നുകൂടിയിട്ടുണ്ട് ! അവയെ മറക്കാൻ തനിക്ക് കഴിയില്ല. ഇത്രയും നാളുകളിൽ താൻ അവയെ സൂക്ഷിച്ചു. തൻെറ മനസ്സ് താനറിയാതെ അവയുടെ കലവറയായി. അവ ഇന്നും തന്നിൽ നിന്നും വിട്ടുമാറിയിട്ടില്ല.

എങ്കിലും എവിടെ നിന്നോ മറെറാരു ശബ്ദം തൻെറ ഉള്ളിൻെറ ഉള്ളിൽ തട്ടിത്തെറിച്ചു കടന്നുപോയി. "ധീരയായിരിക്കൂ, കുട്ടീ, ധീരയായിരിക്കൂ !"

അതേ, ധൈര്യമായി ജീവിക്കണം. തൻെറ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിന്; തൻെറ മുമ്പിൽ കപട സ്നേഹം നടിച്ച ദുഷ്ട ശക്തികളെ ജീവിതത്തിൻെറ മഹത്വം മനസ്സിലാക്കിക്കൊടുക്കാൻ ! അതേ, അതിനു വേണ്ടി താൻ ജീവിച്ചേ മതിയാവൂ !

□

"ന്യായാൽ പഥഃ പ്രവിചലന്തി പദം ന ധീരാഃ"

ചെറുകഥ

# എങ്ങോട്ട് ?

കൃഷ്ണകുമാർ. വി. ഇ
റോൾ നമ്പർ. 2142; ക്ലാസ്സ് XII B

വീണ്ടും ആ വിളികേട്ടു. ഞാൻതിരിഞ്ഞു നോക്കി. നിരാശപ്പെടുത്തുന്ന ശൂന്യത മാത്രം. നടത്തത്തിന് ഞാൻ വേഗത കൂട്ടി. ഏതോ വികാരത്തിനടിപ്പെട്ട് അങ്ങകലെ കണ്ട അക്കരപ്പച്ച എത്തിപ്പിടിക്കാനുള്ള വ്യഗ്രതയിൽ നടന്നുനീങ്ങുന്ന ഒരുവനെപ്പോലെ.

"വിഷ്ണു"…. ആ വിളി വീണ്ടും ഉയർന്നു. ഇല്ല; ഞാൻ തിരിഞ്ഞുനോക്കില്ല. പാദചലനം ധൃതഗതിയിലായി. പൊള്ളയായ ഏതോ ചോദ്യത്തിന്റെ അന്തഃസത്തയില്ലാത്ത ഉത്തരവും തേടി ഞാൻ നടന്നു…. അനന്തതയിലേക്ക്…..

കലാലയ ജീവിതത്തിന് മകുടം ചാർത്തുന്ന ബിരുദാനന്തര സാക്ഷ്യപത്രങ്ങളുമായുള്ള ഈ യാത്ര എവിടെയാണാവോ അവസാനിക്കുക. ആ പത്രക്കടലാസുകൾ എനിക്കെന്താണ് നേടിത്തന്നത്. തീർച്ചയായും ഒന്നുമില്ല…….. തേങ്ങലുകൾ. അതേ തേങ്ങലുകൾ മാത്രം!

കുടുംബപ്രാരബ്ധങ്ങൾക്കിടയിൽ ഞെരിഞ്ഞമരുന്ന ലക്ഷോപലക്ഷം യുവഹൃദയങ്ങളിൽ ഒന്നു മാത്രമായിരുന്നു എന്റേത്. വാർദ്ധക്യത്തിന്റെ ഇരുണ്ട കൈകളിൽ സ്വയം ഹോമിക്കപ്പെടുന്ന അച്ഛനും ജീവിതക്ലേശങ്ങളുടെ എരിതീയിൽ ബലിയാടാകുന്ന അമ്മയും. താൻ അവർക്ക് ഇത്രയും കാലം സ[മ്മാ]നിച്ചത് കണ്ണുനീർത്തുള്ളികൾ മാത്രം.

സായം സന്ധ്യയിൽ ആ പുഴയുടെ തീ[ര]ത്തിലൂടെ ഞാൻ നടന്നു. എങ്ങോട്ട് ?….. മറുപടിയില്ലാത്ത ചോദ്യങ്ങളുടെ മറുപ[ടി]യും തേടി……… ചുററും കത്തിയെരിയു[ന്ന] മനുഷ്യഹൃദയങ്ങൾ.

മറക്കാൻ ശ്രമിക്കും തോറും മനസ്സി[ൽ] നൊമ്പരപ്പൂക്കൾ വിടർത്തുന്ന ഏതാനും ഓ[ർ]മകൾ. അതിനോടൊപ്പം ചുവട് വെയ്ക്കു[ന്നു] എന്റെ മനസ്സും.

ഗദ്ഗദങ്ങൾക്ക് ഭാഷയില്ല. ഗൃഹാതുരത്വത്തിന് എന്റെ മനസ്സ് വഴിമാ[റി]ക്കൊടുക്കുകയായിരുന്നു. നേരത്തെ കേട്ട [ആ] ശബ്ദം ആരുടേതാണ് ? ആ ശ്രുതിമധുരമാ[യ] ശബ്ദത്തിന്റെ ഉടമയാരാണ് ? എല്ലാം ഒ[രു] ചോദ്യമായുണരുന്നു.

അവളുടെ മനസ്സ് വായിക്കാൻ എ[നി]ക്ക് കഴിഞ്ഞില്ല. അവളുടെ വാക്കുകളു[ടെ] പൊരുൾ എനിക്ക് മനസ്സിലായില്ല. ഇ[ന്ന]വളുണ്ടായിരുന്നെങ്കിൽ…. സാന്ത്വനിപ്പിക്കാ[ൻ] മനസ്സിന് ആശ്വാസം പകരാൻ…… ആ[രു]മില്ല. തേങ്ങലുകൾ മാത്രം അവൾ പോയി… ഓർക്കാൻ, ഓർമ്മിക്കാൻ ഒരു പിടി ഓർമ്മക[ൾ] മാത്രം ബാക്കി വച്ചിട്ട്. ആ ഓർമ്മകൾ ഞാ[ൻ] [ത]യവിറക്കുകയായിരുന്നു. ഓർക്കുന്നു ഇന്നും [മ]റക്കാൻ ശ്രമിച്ചിട്ട് മറക്കാനാവാത്ത വാക്കു[ക]ൾ. പക്ഷേ ഇന്ന് ചിരിക്കാൻ ഒന്നുമില്ല; [മ]നസ്സിന് കുളിർകാററ് കൊള്ളാൻ. എല്ലാം [മ]ിഥ്യയായിരുന്നു. അതെ, എല്ലാം വെറും ...ഞാനത് മാത്രം. ഒഴുക്കിന്റെ ശബ്ദം അടു[ത്ത]ത്ത് കേൾക്കാം. ആ ശബ്ദം എനിക്ക് ആശ്വാ[സ]ം പകർന്നു.

ദുഃഖം മാത്രം തളം കെട്ടി നിൽക്കുന്നു. ആ ദുഃഖത്തിന്റെ ഉറവിടവും തേടിയുള്ള [യ]ാത്ര എവിടെയാണാവോ അവസാനിക്കുക. ആ യാത്രക്കിടയിൽ ചിരിക്കുന്ന പല മുഖങ്ങ[ളു]ം പൊയ്മുഖങ്ങളാണോ എന്നെനിക്ക് തോ[ന്ന]ി. ജീവിതമെന്തെന്നറിയാത്ത ഒരു കൂട്ടം ...നങ്ങൾ !!

എത്രയെത്ര കണ്ണുനീർത്തുള്ളികൾ, ആ [പ]ുഴയോരത്ത് വീണു കാണും ! എത്രയെത്ര വാഗ്ദാനങ്ങൾ !! സ്വന്തമായി ഉള്ളതെല്ലാം നശിച്ചിരിക്കുന്നു. ഒരു വശത്ത് ശാന്തമായൊഴുകുന്ന പുഴ; മറുവശത്ത് പുകഞ്ഞു നീറുന്ന ലോകം. ജീവിതമാകുന്ന അനന്തസാഗരം അപ്പോഴും ഒരു ചോദ്യം മനസ്സിൽ പ്രതിധ്വനിക്കുന്നു, സ്പർശിക്കുന്നു – എങ്ങോട്ട് ? ഞാൻ മന്ദം മന്ദം നടന്നു നീങ്ങി. അനന്തതയിലേക്ക്………

അവളും എന്നെ മാടി വിളിക്കുകയായിരുന്നു. ഞാൻ അവളോട് ചേരുകയായിരുന്നു. അപ്പോഴും മറുപടിയില്ലാത്ത ചോദ്യം-എങ്ങോട്ട് ? മറുപടി നൽകാൻ ആ പുഴയുടെ ആഴങ്ങളിലേക്ക് നടന്നു നീങ്ങി. അവളുടെ ഹസ്തങ്ങൾ എന്നെ മെല്ലെ തഴുകി-എന്തോ കീഴടക്കിയവളെപ്പോലെ.

"വിദ്യാധനം സർവധനാൽ പ്രധാനം"

കവിത

# വിടവാങ്ങൽ

ഹർഷൻ. ആർ
റോൾ നമ്പർ. 2776; ക്ലാസ്സ് VI

പടിഞ്ഞാറെ ക്കോണിലനിയനും ഞാനുമായ്
അടിപിടികൂട്ടവേ അച്ഛനെത്തിയോതിയെന്നോടായ്
"മോനെ സിലക്ഷനൊണ്ട്, നിനക്കാ—
സൈനിക സ്കൂളിന്റെ ആറാം ക്ലാസില് !!
"അയ്യോ" - ഞാനോടിയടുത്തു; വൈരം
മറന്നെന്റെയനിയനുമെത്തി.
ഞങ്ങൾ കൈകോർത്തൊന്നായി
ഉള്ളിലേയ്ക്കോടി മറഞ്ഞു
ഓർക്കുന്നു ഞാനിന്നും കുളിർമ്മയായ്
ആഹ്ലാദമുയർന്നവിടെയെങ്ങുമെങ്കിലും—
മനുതാപ മനുപല്ലവിയായ് പ്പമുയർന്നതും.
അമ്മയുമച്ഛനും ചേട്ടനുമനിയനും
അവരെയെല്ലാമകലണം—
അടുക്കുവാൻ കൈവരുമാ വിരളമാം
അവധിക്കാലത്തൊഴികെയെന്നും.
ദുഃഖമുണ്ടെങ്കിലുമെന്തോ എവിടെയോ—
നുരയുന്നു സന്തോഷമായ്
ബഹിർഗമിയ്ക്കുന്നു— "എനിയ്ക്കുമുണ്ട് സിലക്ഷൻ"—
അന്തഃകരണ മോതുന്നെന്നോടായ്
ദിനങ്ങളോടിയടുത്തു – സ്കൂളി
ലെത്തേണ്ട ദിനമടുത്തു
അമ്മയുമച്ഛനും നോക്കിക്കരയുന്നു
അകതാരിലെന്തോ വിതുമ്പുന്നു
അധരങ്ങൾ വിറയ്ക്കുന്നു.
അമ്മയുടെ കൈകളിലമർന്നു ഞാൻ
പൊട്ടിക്കരയവേ — തട്ടിത്തലോടിയെന്നോടായ്
ഓതിയച്ഛൻ— "നമുക്ക് പോകാം.
കരയാതെ പഠിച്ചു മിടുക്കനാവുക
കരയാകെ ഭരിക്കുവാൻ കരുത്തനാവുക
കരുതേകുന്നിന്നുമീ വാക്കുകൾ
കരുത്തനാക്കുക ജഗദീശാ, നീ എന്നെ.



ചെറുകഥ

# അവൻ

രഞ്ജിത്. ആർ
റോൾ നമ്പർ. 2474; ക്ലാസ്സ് IX A

അവനെത്തേടിയാണ് ഞാൻ അവിടെ നിന്ന് തിരിച്ചത്.
ഒരു നോക്കുകാണാൻ വേണ്ടി. വർഷങ്ങൾ നീണ്ടുനിന്ന
ബന്ധത്തിന്റെ മധുര നിമിഷങ്ങളെ കുറിച്ചുള്ള
ഓർമ്മകൾ അയവിറക്കാൻ. വർഷങ്ങളായി മനസ്സിൽ
സൂക്ഷിക്കുന്ന ഒരു സ്വപ്നമായിരുന്നു
അവനെ ഒന്നു കാണുകയെന്നത്.
അതിനുവേണ്ടി മാത്രമായിരുന്നു തിരിച്ചു വന്നത്.
എവിടെയെന്നറിയാതെ, അവനുവേണ്ടി
ലക്ഷ്യമില്ലാതെ തിരഞ്ഞത്. പക്ഷെ
അവൻ എന്റെ ചിന്താമണ്ഡലങ്ങൾക്ക് അതീതനായിരുന്നു.
ഇന്നും അന്നും എവിടെയും എപ്പോഴും.
അവനെ മനസ്സിലാക്കാൻ ശ്രമിച്ച എനിക്കതിന്
കഴിഞ്ഞിട്ടില്ല. ഈ അവ്യക്തതയാണോ അവനെയും
എന്നെയും അടുപ്പിച്ച കാന്തികശക്തി ?
നാട്ടിലെ കടപ്പുറത്ത് അസ്തമന സൂര്യന്റെ
ആഴങ്ങളിലേക്കുള്ള പ്രയാണം ചക്രവാളത്തിന്
ചുവപ്പുനിറം നൽകുന്നത് നോക്കിയിരിക്കുമ്പോഴായിരുന്നു
അവനെ ആദ്യം കണ്ടത്.
മൗനത്തിന്റെ ഉപാസകനായിരുന്ന ഞാനും ചുറ്റുമുള്ള
ലോകത്തെ കുറിച്ച് വാതോരാതെ സംസാരിക്കുന്ന അവനും
സ്വഭാവത്തിൽ രണ്ടു ധ്രുവങ്ങളായിരുന്നു. എങ്കിലും........
എന്തോ ഞാനും അവനും സുഹൃത്തുക്കളായിരുന്നു.
പിന്നെ ഞാനാ മഹാനഗരത്തിലേക്ക് തിരിക്കും വരെ
ആ സുഹൃദ്ബന്ധം നിലനിന്നിരുന്നു.
വർഷങ്ങൾക്കുശേഷം ഇന്ന് അവനെത്തേടി എത്തിയത്
ഈ ആടിമണ്ണിലാണ്. തിരിച്ചുപോകുമ്പോൾ
മനസ്സിന്റെ അഗാധതയിൽ നൊമ്പരങ്ങളും
ഒരുപിടി ഓർമ്മകളും പേറാൻ വേണ്ടിമാത്രം.
ഇനി ഈ നാടിനോട് എന്നെ ബന്ധിപ്പിക്കാൻ കണ്ണികളില്ല.
ഞാൻ എന്റെ ലക്ഷ്യങ്ങളോ ആഗ്രഹങ്ങളോ മുമ്പിലില്ലാത്ത
ജീവിതയാത്ര ആരംഭിക്കുകയാണ് ........ അവനെ
അറിയാൻ കഴിഞ്ഞില്ല എന്ന ദുഃഖവും മനസ്സിലേന്തി...

ലേഖനം

# പ്രസംഗം-ഒരു കല

പി. മുഹമ്മദ് കുഞ്ഞി

പ്രസംഗത്തിന്റെ മഹത്വത്തെക്കുറിച്ച് ലൂയികോപ്‌ലാൻഡ് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. "മാനവചരിത്രം മുഖ്യമായും അവിസ്മരണീയവും നാടകീയവുമായ സംഭവങ്ങളുടെ രേഖയാണ്. ഈ സംഭവങ്ങളുടെ സൃഷ്ടിയിൽ മഹത്തായ പ്രസംഗങ്ങൾ വഹിച്ച പങ്ക് അവഗണിക്കാവുന്നതല്ല." ലോകചരിത്രത്തെ വിഹഗവീക്ഷണം ചെയ്യുകയാണെങ്കിൽ ഇത് അക്ഷരം പ്രതി ശരിയാണെന്നു ബോധ്യപ്പെടും. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഗാന്ധിജി, നെഹ്റു, സുഭാഷ് ചന്ദ്രബോസ് എന്നിവരുടെ പ്രസംഗങ്ങൾ വഹിച്ച പങ്ക് എത്ര സാരമായതാണ്! രണ്ടാം ലോകമഹായുദ്ധകാലത്ത് ഇംഗ്ലണ്ടിന്റെ ഞരമ്പുകളിൽ ചുടുരക്തം പകർന്നത് ചർച്ചിലിന്റെ തീപ്പൊരി പ്രസംഗങ്ങളായിരുന്നു. തന്റെ വാഗ്വൈഭവത്തെക്കുറിച്ച് ജിന്ന പറഞ്ഞത്. 'എന്റെ സെക്രട്ടറിയും അവളുടെ ടൈപ്പ്റൈററുമാണ് പാക്കിസ്ഥാന്റെ ജനനത്തിനു കാരണക്കാരെന്നാണ്'. ജിന്നയുടെ പ്രസംഗം തയ്യാറാക്കുന്ന ജോലി സെക്രട്ടറിക്കായിരുന്നുവെന്നതു പരസ്യമായ രഹസ്യമായിരുന്നു.

ഒരു കവി ജന്മസിദ്ധമായ കഴിവുകളുള്ളവനാണ്. എന്നാൽ ഒരു പ്രസംഗകൻ പ്രയത്നമായും നിരന്തര പരിശ്രമത്തിന്റെ സന്തതിമാണ്. അല്പം ബുദ്ധിയും അനല്പമായ പരിശ്രമവും ഉണ്ടെങ്കിൽ ഒരു നല്ല പ്രസംഗകനാകാൻ പ്രയാസമാവില്ല. വിക്കനായ ഡെമോസ്തനീസിന് ഇത് സാധ്യമാണെങ്കിൽ എന്തുകൊണ്ട് മററുള്ളവർക്കും സാധ്യമല്ല? സുപ്രസിദ്ധ ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞനായ ഡിസ്രേലി ആദ്യമായി പാർലിമെന്റിനെ അഭിസംബോധന ചെയ്തപ്പോൾ കിടുകിടെ വിറക്കുകയുണ്ടായി. സഭാംഗങ്ങളുടെ അപഹാസത്തിന് പാത്രമായി. "ഞാനിപ്പോൾ ഇരിക്കുന്നു. എന്നാൽ നിശ്ശബ്ദം എന്റെ പ്രസംഗം നിങ്ങൾ കേൾക്കുന്ന സമയം അടുത്തുവരും." പ്രവചനം എത്ര ശരിയായിരുന്നു! ചുരുക്കം മാസങ്ങൾക്കുള്ളിൽ സദസ്യരുടെ മനം കവരുന്ന ഉജ്ജ്വല പ്രസംഗകനായി ഡിസ്രേലി ഉയർന്നുവന്നു.

ഒരു പ്രസംഗകൻ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം സഭാകമ്പമാണ്. തന്റെ മുമ്പിലിരിക്കുന്ന സഭാവാസികളെ കാണുമ്പോൾ തന്നെ പലരും അടിമുടി വിയർക്കാൻ തുടങ്ങും. മുമ്പിലുള്ള സദസ്യർ തന്റെ സുഹൃത്തുക്കളും ഗുണകാംക്ഷികളും തന്നോടു ബഹുമാനം ഉള്ളവരുമാണെന്ന് ധരിക്കുക. തനിക്കവരോടു എന്തോ പറയാനുണ്ടെന്ന വിശ്വാസമാണ് തന്നെ ഈ സദസ്സിനെ അഭിസംബോധന ചെയ്യാൻ ക്ഷണിച്ചതെന്നു മനസ്സിലാക്കുക. മുമ്പിലിരിക്കുന്ന ആൾക്കാരുടെ മുഖത്തേക്കു തന്നെ നോക്കുക; സദസ്യരുടെ കണ്ണുകളിലേക്കു തന്നെ നോക്കുകയാണെങ്കിൽ ഒരു പ്രസംഗകനു ആത്മവിശ്വാസം ലഭിക്കും; ആത്മവിശ്വാസമുള്ളവനു മാത്രമേ വിശ്വാസം മററുള്ളവർക്കു പകർന്നുകൊടുക്കാൻ പററുകയുള്ളൂ.

താൻ പ്രസംഗിക്കുന്ന വിഷയത്തെക്കുറിച്ച് പ്രസംഗകനു നല്ല ബോധമുണ്ടായിരിക്കണം. ഒരു പ്രസംഗത്തിനു മൂന്നു ഭാഗമുണ്ട്. തുടക്കം, തുടർച്ച, അവസാനം. ഇതിൽ ആദ്യത്തേതും അവസാനത്തേതും ഭാഗങ്ങൾ പരമപ്രധാനമാണ്. ആരംഭം മുഷിപ്പനാണെങ്കിൽ ആരും തന്നെ പ്രസംഗം ശ്രദ്ധിക്കാൻ ഒരുമ്പെടുകയില്ല. അതുപോലെ അവസാനഭാഗം അനാവശ്യമായി നീട്ടിക്കൊണ്ടുപോകാതെ പൊടുന്നനെ, തക്കസമയത്ത് നിർത്തേണ്ടതാണ്. ശ്രോതാക്കൾ പ്രസംഗം കേൾക്കുന്നത് നിർത്തുന്നതിനുമുമ്പേ, പ്രഭാഷകൻ തന്റെ പ്രസംഗം നിർത്തേണ്ടതാണ്. വിഷയത്തോടു പ്രസംഗകൻ ആത്മീയബന്ധം പുലർത്തേണ്ടതാണ്. തന്റെ വാദഗതി സ്ഥാപിക്കാൻ താൻ എന്നും എവിടെയും തയ്യാറാണെന്ന അടങ്ങാത്ത ആവേശം പ്രസംഗകനു പ്രചോദനം നൽകണം. സദസ്യരെ ആവേശഭരിതരാക്കണമെങ്കിൽ പ്രഭാഷകൻ തന്നെ ആവേശഭരിതനായിരിക്കണം.

പ്രസംഗം എഴുതിത്തയ്യാറാക്കണമോ? ഇതേക്കുറിച്ച് പ്രശസ്ത പ്രഭാഷകരുടെ ഇടയിൽ ഏകാഭിപ്രായമില്ല. ഉദാഹരണമായി ചർച്ചിൽ മുൻകൂട്ടി തന്റെ പ്രസംഗം തയ്യാറാക്കുമായിരുന്നു. പ്രസംഗത്തിനിടയിൽ 'കരഘോഷം' എന്നു ബ്രാക്കററിൽ കാണിച്ചിടങ്ങളിൽ അദ്ദേഹത്തിനു സദസ്യരുടെ കരഘോഷം ലഭിച്ചിരുന്നു. എന്നാൽ നെഹ്റുവിന്റെ പ്രസംഗങ്ങളൊന്നും തന്നെ തയ്യാറാക്കപ്പെട്ടവയായിരുന്നില്ല. സന്ദർഭത്തിനൊത്തു അനർഗ്ഗളമായി നിർഗ്ഗമിക്കുകയായിരുന്നു. ഒരിക്കൽ അമേരിക്കൻ സന്ദർശനവേളയിൽ, കൊളംബിയ സർവ്വകലാശാലയുടെ കോൺവൊക്കേഷൻ പ്രസംഗത്തിന്, നെഹ്റുവിന് മുൻകൂട്ടി പ്രസംഗം തയ്യാറാക്കേണ്ടിവന്നു. സർവ്വകലാശാലയുടെ പാരമ്പര്യം തെററിക്കരുതല്ലോ.

പ്രസംഗം മുൻകൂട്ടി എഴുതണമോ വേണ്ടയോ എന്നതല്ല പ്രശ്നം; വിഷയം എന്താണെങ്കിലും, പ്രസംഗകനു അതേക്കുറിച്ച് നല്ല ബോധമുണ്ടായിരിക്കണം. നേരത്തേ ആശയങ്ങൾ രൂപപ്പെടുത്തണം. എപ്പോൾ, എങ്ങനെ, എന്തുകൊണ്ട് എന്നും മററും തീരുമാനിച്ചിരിക്കണം. പ്രഭാഷണസമയത്ത് മറന്നുപോയേക്കുമെന്നു ഭയമുണ്ടെങ്കിൽ വിഷയത്തെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നത് അഭികാമ്യമായിരിക്കും. ഈ കുറിപ്പുകളിലൂടെ കണ്ണോടിക്കുകയാണെങ്കിൽ ആശയങ്ങൾ അനുസ്യൂതം പ്രവഹിച്ചു തുടങ്ങും.

മററെന്തിലുമെന്ന പോലെ പരിശീലനമാണ് പ്രസംഗത്തിലും നമുക്ക് ആത്മവിശ്വാസം പകരുന്നത്. ഒരിക്കൽ ഒരു നാണംകുണുങ്ങിയായിരുന്ന ജോർജ് ബർണാഡ്ഷായുടെ പ്രസംഗംകേൾക്കാൻ ആയിരക്കണക്കിന് ആൾക്കാർ ടിക്കററെടുത്ത് തടിച്ചുകൂടിയതിന്റെ പിന്നിൽ, ഷായുടെ നിരന്തരശ്രമമാണുള്ളത്. ചർച്ചിൽ പ്രസംഗം ഒരു പടവാളാക്കിയതിന്റെ പിന്നിലും ഇതേ രഹസ്യമാണുള്ളത്. തന്റെ കിടപ്പറയിൽ മണിക്കൂറുകളോളം പരിശീലനം ചെയ്തശേഷമേ അദ്ദേഹം പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. പ്രസിദ്ധ ഇംഗ്ലീഷു ചരിത്രകാരനായ ഗിബ്ബണെയാണ് ചർച്ചിൽ മാതൃകയാക്കിയിരുന്നത്.

ഒരു പ്രസംഗത്തിന് ഓജസ്സും തേജസ്സും നൽകുന്നത് അതിന്റെ ആവിഷ്കരണരീതിയാണ്. എന്തുപറഞ്ഞുവെന്നതിനേക്കാം പ്രധാനം എങ്ങനെപറഞ്ഞുവെന്നതാണ് ഷേക്സ്പീയറുടെ ജൂലിയസ് സീസറിൽ മാർക്ക് ആന്റണിയുടെ വിശ്വപ്രസിദ്ധമായ പ്രഭാഷണത്തിന്റെ ജീവൻ അതിന്റെ അചുംബിതമായ ആവിഷ്കരണരീതിയിലാണ്. കൃതഹസ്തനായ ഒരു പ്രസംഗകൻ മിതമായ വേഗതയിൽ, എന്നാൽ ആകർഷകമായ രീതിയിൽ, അട്ടഹസിക്കാതെ കാര്യങ്ങൾ നർമ്മബോധത്തോടെ പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. നല്ല സാമർത്ഥ്യമില്ലാത്തവരാണെങ്കിൽ ഫലിത പ്രയോഗത്തിന് തുനിയാത്തതാണ് നല്ലത്. അതുപോലെ സാധാരണക്കാർക്ക് ഗ്രഹിക്കാവുന്ന ശൈലിയിലായിരിക്കണം പ്രസംഗം ചെയ്യുന്നത്. ഭാഷയിൽ അപൂർവ്വമായ പ്രയോഗവും നെടുങ്കൻ വാചകങ്ങളും കഴിവതും ഒഴിവാക്കുന്നതാണ് നല്ലത്.

ഒരു കഥയുടെ ജീവൻ അതുണർത്തുന്ന ഉദ്വേഗത്തിലാണ്; അതിന്റെ വലിപ്പത്തിലല്ല. ഒരു പ്രസംഗത്തിന്റെ ജീവാത്മാവും പരമാത്മാവും അത് ശ്രോതാക്കളിൽ കിളിർത്തുന്ന ഉത്കണ്ഠയിലത്രെ. നിങ്ങളുടെ പ്രസംഗം, ഒരു രസികൻ പറഞ്ഞതുപോലെ, ഒരു സുന്ദരിയായ പെൺകുട്ടിയുടെ 'സ്കർട്ട്' പോലെയിരിക്കണം. പ്രസംഗിക്കണം. എന്നാൽ എല്ലാം പ്രസംഗിച്ചു കഴിഞ്ഞാൽ ശ്രോതാക്കൾക്ക് എന്തുണ്ടു ആലോചിക്കാൻ ? □

"തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു
ജളനും പ്രാജ്ഞനും വിദ്യയെത്താൻ,
ഇല്ലാതാക്കില്ലവണ്ണം ഗ്രഹണപടുതയെ-
ത്താൻകൊടുക്കാറുമില്ല;
തെല്ലും മൺകട്ട, ബിംബത്തിനെ വിമല-
മണിക്കൊപ്പമായുംഗ്രഹിക്കു-
ന്നില്ലവ്വണ്ണം ഗുണംകൊണ്ടവരിരുവരുമാ-
യേറാവും ഭേദമുണ്ടാം"



ലേഖനം

# നമ്മുടെ സ്ക്കൂൾ വളപ്പ്

ഡോ. സി. കെ. സി. നായർ

"അതിമനോഹരമായ സ്ഥലം.!"

സൈനിക് സ്കൂൾവളപ്പിൽ വന്നെത്തുന്നവരെല്ലാം ഏകകണ്ഠമായി പ്രായപ്പെടുന്നതു കേട്ടിട്ടുണ്ട്. എന്നുമെന്നും കണ്ടുകണ്ട് ...ുറത്തെതുല്യയ്ക്കു മങ്ങലില്ലാതായിത്തീർന്ന ...മ്മരം ഇതു കേൾക്കുമ്പോഴാണ് നമ്മുടെ സന്തതസമ്പർക്കത്തിലുള്ള ചുറ്റുപാടുകളെക്കുറിച്ചൊന്നു ചിന്തിക്കുവാൻ പ്രേരിതരാവുക.

അതെ, സൈനിക് സ്കൂൾ വളപ്പ് അതിമനോഹരമാണ്. പട്ടണത്തിന്റെ അന്നവുമ...ക്കവുമില്ലാതെ, പ്രകൃതിസൗന്ദര്യത്തിന്റെ ...ന്ദനവന മായിപ്രശോഭിക്കുന്ന മുന്നൂറേക്കർ ഭൂമി. പബ്ലിക് സ്കൂൾ അന്തരീക്ഷത്തിന്റെ ശാന്തിയും ഗാംഭീര്യവും നിലനിർത്തുന്ന പ്രദേശം.

കിഴക്കോട്ടുനോക്കിയാൽ 'കാളിമകോലും നഭസ്സിനെ ഉമ്മവയ്ക്കുന്ന' അഗസ്ത്യകൂടത്തിന്റെ അഗ്രങ്ങളിൽ വെൺമേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ പാറിക്കിടക്കുന്നതു കാണാം. ആദിദ്രാവിഡത്തിന് വ്യാകരണം ചമച്ച അഗസ്ത്യമഹർഷി തന്റെ ജീവിതാവസാനം കഴിച്ചത് ഈ കൊടുമുടിയിലാണത്രേ. ഉമാകേരളത്തിൽ.

"വന്ധ്യം ശമിക്കരിക്കെന്നറിവാർ
നൊടുക്കം
വിന്ധ്യപ്രദേശിമുനിസഹ്യമതിൽ
തപിപ്പാൻ,
സന്ധ്യർത്ഥികുന്നകളൊടെന്ന വിധം
കടന്നു
സന്ധ്യയ്ക്കു ചണ്ഡകിരണൻ
ചരമാബ്ധിയിൽ പോൽ"

എന്നു വർണ്ണിക്കുന്നത് ഈ കൊടുമുടിയുള്ള സഹ്യനെയാണ്. അനാര്യരെ സമുദ്ധരിക്കാൻ വേണ്ടി ആര്യാവർത്തത്തിൽ നിന്നുതെക്കോട്ടു വന്നആദ്യത്തെ ആര്യനേതാവായിരുന്നുപോൽ അഗസ്ത്യൻ. സൂര്യചന്ദ്രന്മാരുടെ സഞ്ചാരഗതിയെ ഭീഷണിപ്പെടുത്തിക്കൊണ്ടു വളർന്നുകൊണ്ടിരുന്ന വിന്ധ്യപർവതത്തെ നിയന്ത്രിക്കാൻ ദേവന്മാരെടുത്ത അടവാണ് ഈ യാത്രയെന്നും കഥയുണ്ട്. അഗസ്ത്യൻ വിന്ധ്യന്റെഗുരുവായിരുന്നു. തന്റെ നേർക്കുവരുന്ന ആചാര്യനെക്കണ്ടു കുമ്പിട്ട് ആഗ്രഹമെന്തെന്നന്വേഷിച്ച അരുമശിഷ്യനോട് താൻ തിരിച്ച് വടക്കോട്ടു വരുന്നതുവരെ കുമ്പിട്ടു തന്നെ നില്ക്കാൻഅഗസ്ത്യമഹർഷികല്പിച്ചുപോൽ! പാവം വിന്ധ്യൻ! ഇന്നും തലകുനിച്ചു നില്പാണ്. ഗുരു അഗസ്ത്യകൂടത്തിൽനിന്നൊന്നു തിരിച്ചുചെന്നിട്ടു വേണ്ടേ നിവരാൻ?

സൂര്യചന്ദ്രന്മാരുടെ മാർഗ്ഗ തടസ്സം തീർന്നു. അങ്ങനെ നമ്മുടെ വിന്ധ്യൻ ഏകലവ്യന്റെ മറ്റൊരുപതിപ്പായിത്തീർന്നു. ഈ കഥകളും അവതുറന്നു വിടുന്ന സങ്കല്പങ്ങളും കൊണ്ട് ഒരു നവീനലോകം വിരചിച്ചു വിലസുകയാണ് അങ്ങു കിഴക്ക് ആ അഗസ്ത്യകൂടം!

ഇനി തെക്കോട്ടൊന്നു തിരിഞ്ഞു നോക്കൂ. വേളിക്കുന്നിന്റെ മത്തനിറുകയിൽ നില്ക്കുന്ന വി. എസ്. എസ്. സി കേന്ദ്രം. ''വേളിമലയിലേപോകുന്നതാകിലോ തീ കോരിച്ചൊരിയുന്ന ഭൂതമുണ്ടേ'' എന്ന നാടൻ പാട്ടിലെ ആശയത്തെ അക്ഷരാർത്ഥത്തിൽ ശരിയാക്കിയിരിക്കുകയാണ് ഈ വിജ്ഞാനകേന്ദ്രം. ആകാശദേശങ്ങളിലെ അജ്ഞാത രഹസ്യങ്ങളന്വേഷിച്ച് കുതിച്ചുപായുന്ന റോക്കറ്റുകളുടെ സിരാകേന്ദ്രം! ഭാരതീയ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണവിജയത്തിന് രംഗമൊരുക്കുന്ന ആധുനികതീർത്ഥസ്ഥാനം. പ്രശാന്തമായ വേളിക്കായലിലേയ്ക്കു കൈനീട്ടി. ''ആഴിവീചികൾ അനുവേലം വെൺനുരകളാൽ'' പരിസേവിക്കുന്ന പാദങ്ങളുമായി വേളിക്കുന്നും പരിസരവും പരിലസിക്കുന്നത് സൈനിക് സ്കൂളിൽ നിന്നാൽ കാണാം.

സ്കൂളിനെ പ്രദക്ഷിണം ചെയ്ത് നമുക്ക് പടിഞ്ഞാറുഭാഗത്തേയ്ക്കു ചെല്ലാം. ആയിരം കരങ്ങളുയർത്തി ആശിസ്സുചൊരിയുന്ന അറബിക്കടലിന്റെ നീലക്കല്ലോലങ്ങൾ അകലെനിന്നു പുഞ്ചിരിക്കുന്നതുകണ്ടില്ലേ? കിഴക്കുവശത്ത് അധ്യാപകരുടെ ക്വാർട്ടേഴ്സിൽ നിന്നു ക്രമത്തിനുയർന്നുയർന്നു കേറുന്ന ഭൂഭംഗി അതിന്റെ ഉച്ചാവസ്ഥയിലെത്തി പെട്ടെന്നവസാനിക്കുന്നതിന്റെ ആകർഷകത്വം ഇവിടെ കാണാം. തൊട്ടുതാഴെ മുതൽക്ക് പച്ചപ്പിന്റെ മാസ്മരലോകം. തെങ്ങിൻ കൂട്ടങ്ങളുടെ ഉച്ചിയിലൂടെ അലസസഞ്ചാരം ചെയ്യുന്ന നമ്മുടെ കണ്ണുകൾ ചെന്നെത്തുന്നത് പാരാവാരത്തിന്റെ അപാരതയിലാണ്. നാം കാണുന്ന ഈ കടലിന്റെ അങ്ങേക്കരയൊരുന്നത് നൂറ്റാണ്ടുകളുടെ ഉറക്കത്തിൽനിന്ന് ഉണർന്നെഴുന്നേല്ക്കുന്ന ആഫ്രിക്കയുടെ ഇരുണ്ട ഭൂഖണ്ഡമാണെന്ന കാര്യം ആരെങ്കിലുമോർക്കാറുണ്ടോ? കടലിന്റെ തിരമാലകൾ 'ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്ന്' അവയെ തൊട്ടുനോക്കിപ്പറയുന്നതായി മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നതിന്റെ പൊരുളും അപ്പോൾ മനസ്സിലാകും. സൂര്യാസ്തമയത്തിന്റെ ചന്തം കാണാൻ കന്യാകുമാരിയിലോ രാമേശ്വരത്തോ വംഗാബ്ധിയുടെ ഏതെങ്കിലും തീരത്തോപോയേപറ്റൂ നമുക്ക്. പക്ഷേ, അസ്തമയത്തിന്റെ അഴകും പ്രസാദം ആസ്വദിക്കാൻ നമ്മുടെ വിദ്യാലയത്തിന്റെ ഈ ഭാഗത്തു വന്നിരുന്നാൽ മതി. ''കനലിൽ ചുട്ടെടുത്തൊരു കനകച്ചേങ്ങലപോലെ. ദിനകരനുടെ ബിംബം തുടുതുടെ'' നിറം മാറി അലക്കൈകൾ നീട്ടുന്ന ആഴിയുടെ വിരിമാറിലൊരു തകപ്പതക്കം പോലെ തെല്ലിടനിന്ന് മെല്ലെമെല്ലെത്താഴുന്നതു കാണുമ്പോൾ ''സമുദ്രത്തിൻ നെഞ്ചിൽ വന്നിറക്കുന്ന കട്ടാരപ്പിടി പോലെ, ചോരയിൽ പടിഞ്ഞാറെ ചക്രവാളത്തിൽക്കാണാം, സൂര്യബിംബത്തിന്നാഗം നടുങ്ങിത്തെറിക്കുന്നു'' എന്ന് മഹാകവി ജി. ക്ക് തോന്നിയതു കഷ്ടം തന്നെ. ആ കനകക്കട്ട മെല്ലെ മെല്ലെ ജലത്തിലാണ്ട്, പ്രകാശത്തിന്റെ അന്തിമനാളം വരെ നീരിലമരുന്നതു കാണുമ്പോൾ,

''ലോകൈകശില്പിരജനീവനിതയ്ക്കു ചാർത്താൻ
നക്ഷത്രമാലപണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണപിണ്ഡമതുരുക്കിയെടുത്തു നീരിൽ
മുക്കുന്നിതാതപനമണ്ഡലകൈതവത്താൽ''—

എന്ന് വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'വിശ്വരൂപ' ത്തിൽ വർണ്ണിക്കുന്നതിനോടു യോജിക്കാനാണ് എനിക്ക് താത്പര്യം. സൈനിക് സ്കൂളിന്റെ ഈ നിറുകയിൽ നിന്നു കൊണ്ട് സൂര്യാസ്തമയം കാണാൻ നമ്മിൽപ്പലരും മെനക്കെടാറില്ല. എന്നാൽ, അത് പ്രകൃതിസൗന്ദര്യത്തിന്റെ മണിച്ചെപ്പു തുറക്കുന്ന അത്ഭുതദൃശ്യമാണെന്ന കാര്യം എടുത്തു പറഞ്ഞുകൊള്ളട്ടെ. അന്തിക്കതിരോൻ ശാന്തനായി, പൊന്നൊളിക്കതിരുകൾകൊണ്ട് കേരകേദാരങ്ങളുടെ ശിരസ്സുകളിൽ മെല്ലെമെല്ലെത്തലോടി, യാത്രാനുമതി വാങ്ങിപ്പിൻവാങ്ങുന്ന പ്രദോഷവേളകളിൽ, ശീകരശീതളമായ കാറ്റും ഏറ്റ് സ്വയം മറന്നിരിക്കുന്ന അനുഭൂതിയെ വിവരിച്ച് സ്വർഗ്ഗീയമെന്നല്ലാതെ എന്തു പറയാനാണ്? സൂര്യൻ മെല്ലെമെല്ലെത്താഴുന്നതും പശ്ചിമാകാശത്തിലെ സ്വർണ്ണ മേഘങ്ങൾ വർണ്ണംപകർന്ന് പഴുത്ത ചെമ്പിന്റെയും പിന്നെ ചെമ്പരത്തിപ്പൂവിന്റെയും ശോഭയിൽ മനംകവരുന്നതും നമുക്ക് നിത്യസുലഭമായ ദൃശ്യങ്ങളാണ്.

''പച്ചിലച്ചാർത്തിൻ പഴുതിലൂടെതാകാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ട
ങ്ങൾ''

എന്ന് തിരുവില്വാമലയിലിരുന്നു ചങ്ങമ്പുഴ പാടിയതിനു പിന്നിലുള്ള സൗന്ദര്യധോരണി ഇവിടെ എന്നും വിടർന്നു വിലസുന്നു. ഭാരതത്തിന്റെ മുൻ രാഷ്ട്രപതിയായിരുന്ന വി. വി. ഗിരി കേരള സംസ്ഥാനത്തിന്റെ തലവനായിരുന്ന കാലത്ത് — അതായത്, നമ്മുടെ സൈനിക് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത്— അദ്ദേഹം തിരക്കൊഴിഞ്ഞ വൈകുന്നേരങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രകൃതിസൗന്ദര്യമാസ്വദിക്കാൻവേണ്ടി, തിരുവനന്തപുരത്തെ മനോഹരമായ രാജ്ഭവനിൽനിന്ന് ഈ ഏകാന്തതയിലെത്താറുണ്ടായിരുന്നെന്നവസ്തുതയോർക്കുമ്പോൾ,ഇവിടത്തെ സായാഹ്നത്തിന്റെ ഹൃദയാവർജ്ജകത്വത്തിന് മറ്റൊരു തെളിവു നൽകേണ്ടതുണ്ടോ?

നമുക്കിനിയും പ്രദക്ഷിണം വയ്ക്കാം. ഇപ്പോൾ നാം നിൽക്കുന്നതുപരേഡ്ഗ്രൗണ്ടിന്റെ കിഴക്കുപടിഞ്ഞാറെ മൂലയിലാണ്. മുൻപിൽ ഒരു സി. ആർ. പി. ക്യാമ്പിന്റെ ഗാംഭീര്യം. ആകാശത്തേയ്ക്കുയർന്നുനിൽക്കുന്ന ജലസംഭരണികൾ. പച്ചപ്പടർപ്പിനിടയ്ക്കു ചിതറിക്കിടക്കുന്നകോൺക്രീറ്റ്കൊട്ടാരങ്ങളുടെവിശാലലോകം. അതങ്ങു ദൂരെയല്ലേ? അടുത്ത്തൊട്ടുമ്പിലേയ്ക്ക് നോക്കൂ. കുന്നിൻ ചരിവിൽ പരന്നു കിടക്കുന്ന പറങ്കിത്തോട്ടത്തിന്റെ തലോടലില്ലേ! കേരളത്തിനും സൈനിക് സ്കൂളിനും പ്രതിവർഷം സമ്പത്തുവാരിവിതറുന്ന പറങ്കിമാവുകൾ ആ പ്രദേശത്തെയാകെ മറച്ച് മണ്ണിന്റെ ശോണിമയെ പച്ചപ്പരവതാനിയിൽ മൂടുന്നു. ആണ്ടിൽ എട്ടുമാസവും ഉറങ്ങിക്കിടക്കുന്ന പറങ്കിമാവുകൾ. തുലാവർഷത്തിൽ നീന്തിത്തുടിച്ചു കഴിയുമ്പോൾ അവ ഉടുത്തൊരുങ്ങുന്നു; ചെന്തളിർക്കഞ്ചുകങ്ങളണിഞ്ഞ് തയ്യാറാകുന്നു. എന്തിന്? പൂത്തുലഞ്ഞ് കശുവണ്ടിക്കുഞ്ഞുങ്ങളെ പ്രസവിക്കാൻ ''ഇതാണോ പറങ്കിമാവ്? ഇതിൽ നിന്നാണോ കശുവണ്ടിപ്പരിപ്പ് കിട്ടുന്നത്? അതിനുവേണ്ടി സ്വർണ്ണമാണ് ഞങ്ങൾ നിങ്ങൾക്കുതരുന്നതെന്നറിയാമോ? എങ്കിലെന്ത്? അതിന്റെ ഒരു സ്വാദ്........!'' കഴിഞ്ഞവർഷമവസാനത്തിൽ കേരളം സന്ദർശിച്ച നേപ്പാൾ പ്രധാനമന്ത്രി ഇങ്ങനെ പറഞ്ഞുവത്രേ. എത്ര ശരി! ലോകത്ത് ഏററവും സ്വാദിഷ്ഠവും പോഷകാംശസമ്പുഷ്ടവുമായ ഭക്ഷണം തരുന്ന ഈ മരങ്ങൾ ലോകത്തുള്ള ഭംഗിയില്ലാത്ത വൃക്ഷങ്ങളുടെ പ്രതിനിധിയാണ്. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴഞ്ചൊല്ലിന്റെ എതിർപതിപ്പ്!

കശുവിൻമാവുകളുടെ ആ ലോകത്തു നിന്ന് നോട്ടം പിൻവലിച്ച് നമ്മുടെ കളിസ്ഥലങ്ങൾക്കുമുകളിലൂടെ ദൂരെയ്ക്ക് നോക്കൂ. കേരളത്തിന്റെ ഇടനാടൻ ഗ്രാമങ്ങളുടെ ഭംഗിപൂർണ്ണരൂപത്തിൽ ആ ഭാഗത്ത് കാണാം. കുന്നുകൾ, എത്രയെത്ര കുന്നുകൾ! റബ്ബർമരങ്ങൾകൊണ്ട് മാറു മറച്ച കൊച്ചു കൊച്ചു സുന്ദരിമേടുകൾ! ഒന്നിൽ നിന്നൊന്നിലേയ്ക്കുള്ള വഴിയിൽ മുഴുവൻ പച്ചിലപ്പടർപ്പിന്റെ സാന്ദ്രത.

നാമിപ്പോൾ സൈനിക് സ്കൂളിന് നാലുഭാഗത്തും നിന്ന് ഒന്ന് കണ്ണോടിച്ചതേയു

ളു. ഈ പശ്ചാത്തലഭംഗികൾ മാത്രമാണോ നമ്മുടെ വിദ്യാലയത്തിനുള്ളത് ? ഈ വളപ്പിന് സ്വന്തമായൊന്നുമവകാശപ്പെടാനില്ലേ ? അധ്യാപകരുടെ ക്വാർട്ടേഴ്സിന് പിന്നിലുള്ള താഴ്വാരം താണ്ടി, കിഴക്കേക്കുന്നിൽ കയറി സ്കൂളിലേയ്ക്ക് നോക്കിയിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇവിടെക്കിട്ടുന്ന ഏറ്റവും സുന്ദരമായ ദൃശ്യഭംഗി നിങ്ങൾ കണ്ടിട്ടില്ല. സൈനിക് സ്കൂളാകെ അതിന്റെ സമഗ്രസൗന്ദര്യത്തോടെ നിങ്ങളുടെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്ന കാഴ്ച അപ്പോൾക്കാണാം. കാടും മരങ്ങളും വെണ്മാടങ്ങളും ഓട് ചൂടിയ വീടുകളും ചേർന്ന സൈനിക് സ്കൂളിന്റെ യഥാർത്ഥ സൗന്ദര്യം അന്തിക്കതിർപ്പൊന്നിലാവാടിയോ, നനുത്ത മഞ്ഞിന്റെ വെൺപട്ടിൽ മൂടിപ്പുതച്ചോ ശാന്തമായി വിശ്രമിക്കുന്ന കാഴ്ച ഒരിക്കലെങ്കിലും നോക്കിക്കാണാൻ മറക്കരുത്.

ശാന്തിനികേതനം പോലുള്ള സരസ്വതീക്ഷേത്രങ്ങളിൽ തണലിലിരുന്ന്, പൂമരത്തിൻ നനവാർന്നതണലിൽ വിരുന്നുണ്ട്, മാമരനിരകൾ തൻ മർമ്മരരവങ്ങളും കോമളം കിളികൾ തൻ കാകളീസ്വനങ്ങളും ശ്രവിച്ച്, അധ്യയനം നടത്തുന്നതിന്റെ കഥകൾ വായിച്ചിട്ടില്ലേ ? മരത്തണലിലെ മരതക വിരിപ്പിലിരിക്കാൻ സൈനിക് സ്കൂളിലും ക്ലേശമൊന്നുമില്ല. അക്കാഡമിക് ബ്ലോക്കിനു ചുറ്റും മരങ്ങൾ കുറവാണെങ്കിലും, ഹൗസുകളുടെ പരിസരം പച്ചത്തഴകൾ വിടർത്തിയതു തന്നെ. മൺസൂൺ മഴക്കാലത്ത് നീലക്കടമ്പുകളും, വൃശ്ചികപ്പുലരികളിൽ സൗരഭ്യമുതിർക്കുന്ന മഞ്ഞപ്പൂക്കുലകളൊരുക്കി നില്ക്കുന്ന കസ്തൂരിക്കൊന്നകളും, വിഷുക്കാലമാകുമ്പോൾ അണിഞ്ഞൊരുങ്ങുന്ന കണിക്കൊന്നകളും കൊണ്ട് നയനാഭിരാമമാണ് ഹൗസ് പരിസരം. എങ്ങുമൊരു പൂവില്ലാത്ത കാലത്ത് ചെന്താമരയുടെ ഇളം സൗരഭ്യം വിതറി നില്ക്കുന്ന നാഗാതിമരങ്ങൾ കുടമണിപോലുള്ള ഫലങ്ങളുമണിഞ്ഞ് പരിസരത്തിനു പ്രൗഢിയണച്ചു വിരാജിക്കുന്നു.

പച്ചച്ചില്ലകളുടെ തുമ്പിലെല്ലാം തവിട്ടുനി
ത്തിലുള്ള പുഷ്പകേസരങ്ങളുമേന്തി പ
പന്തലിച്ചു നില്ക്കുന്ന ഉറക്കം തൂങ്ങി
ങ്ങളും അവിടെയുമിവിടെയുമുണ്ട്. വേന
ലവധിക്ക് സ്കൂൾ വളപ്പിലൊന്നു വന്നു
ക്കുക. മഴക്കാലത്തും മഞ്ഞുകാലത്തും ക
പച്ചയിലകൾ കൊണ്ടു നിബിഡമായിരു
വാകകൾ മകരപ്പുലരിയോടെ അസ്ഥിമാ
വശേഷമായി മാറുന്നു. ആസന്നത പു
ടുപ്പിടാനുള്ള തയാറെടുപ്പാണ്. മീനച്ചൂ
സാനിച്ച് വേനൽ മഴയുടെ ഭീകരതകളുമൊ
ങ്ങുമ്പോൾ ചെമ്പട്ടുകൊണ്ടു ശാഖകളാക
ലങ്കരിച്ച് അവ തയാറെടുക്കുകയായി. "എ
ടെത്തിരിഞ്ഞൊന്നു നോക്കിയാലെന്തവി
ല്ലാം" പൂവാർന്ന വാകമാത്രമെന്നു പറയാവു
പരിസര ഭംഗി അപ്പോൾ കൈവരുന്നു. ഇ
നിരന്ധ്രമായാർന്ന പുഷ്പ സമൃദ്ധിയോ
ടെങ്കിലും മരത്തിനുണ്ടോയെന്നു സംശയം.

പൂമരങ്ങൾ നല്കുന്ന ഭംഗിയോടു കി
പിടിക്കുന്നതാണ് ഫലസമൃദ്ധിയുടെ
ശാദ്യപൂർണ്ണതയും. മഞ്ഞച്ചും തുടുത്തും
പറങ്കിമാങ്ങകൾ തായിൽ തലകുത്തി നി
ചാഞ്ചാടുന്ന കാഴ്ച ഇവിടെ സുലഭം. നട
പോകുമ്പോൾ കണ്ണിമാങ്ങകൾ ശിരസ്സി
കിഴുക്കുന്ന വഴികളും അപൂർവമായു
കുന്നിൻ ചരിവുകളിൽ കുട്ടികൾക്കു ല
ഭക്ഷണത്തിനു ചെങ്കനികളുമായി നില്
ന്നചെത്തികൾ. മഴക്കാലത്തിന്റെ വരവറി
ച്ച് മഴക്കാറിൻ നിറമാർന്ന കായ്കളുമാ
തലകുനിച്ചു നില്ക്കുന്ന ഞാവലുക
ഞാറകളും. പിന്നെന്നെല്ലാംകാട്ടുചെടികളാ
മാധുര്യവ്യത്യാസത്തിന്റെ മാതൃകകളാ
അവിടെയും ഇവിടെയും നില്ക്കുന്നത്! പ
ച്ചു തളരുന്ന കുട്ടികൾ ചരിവിലേയ്ക്കൊ
റങ്ങിയാൽ മതി മുഖസുഖത്തിനുള്ള വക
നിറയെലഭിക്കാൻ!

എന്നാലും ഇന്നത്തെ സൈനിക് സ്കൂ
വളപ്പ് മനുഷ്യാതിക്രമത്തിന്റെ നിറനാ
തമേറ്റ് പരിക്കുപറ്റി നില്ക്കുകയാണ്
1964-ൽ സ്കൂൾ ഇങ്ങോട്ടുമാറി സ്ഥാ

പ്പോൾ കഥ ഇതായിരുന്നില്ല. അന്ന് ഈ
ളപ്പ് വിജനതയുടെ മൂകതയും അസ്പൃഷ്ട
സൗന്ദര്യത്തിന്റെ ആകർഷകത്വവുമാർന്നതായി
ന്നു; പേടിപ്പെടുത്തുന്ന അന്തരീക്ഷമെന്നു
തന്നെ വേണമെങ്കിൽ പറയാം. ചരൽവിളയിൽ
ന്നു കഴക്കൂട്ടത്തെയ്ക്കുള്ള മറയടിപ്പാത
യിൽക്കൂടി നട്ടുച്ചയ്ക്കുപോലും മറയ്ക്കാ
ും സഞ്ചരിക്കാറില്ല. ഭൂതപ്രേതപിശാചുക്ക
ളുടെ ആവാസകേന്ദ്രമായിരുന്നുവത്രെ ഇവിടം.
തിനൊന്നാം ഡോർമിറ്ററിയുടെ തെക്കുപടി
ഞ്ഞാറെ മൂലയിൽനിന്ന് ഇടിഞ്ഞു പൊളിഞ്ഞ
മ്പ് ഹൗസിന്റെ മുന്നിലേയ്ക്കു നടക്കു
മ്പോൾ ഏതാണ്ടു പത്തുമീറ്ററകലെ ഒരഗാധ
മായ കിണറുണ്ടായിരുന്നു. വെട്ടുറോഡിലും
പരിസരത്തും പാത്തിരുന്ന് വഴിയാത്രക്കാരെ
വെട്ടിക്കൊന്നിരുന്ന കൊള്ളസംഘം ആക്രമണ
ത്തിൽ മരിച്ചവരുടെ ശവങ്ങൾ ഈ കിണററി
ലായിരുന്നുവത്രേ നിക്ഷേപിച്ചിരുന്നത് !
സ്കൂൾ പ്രവർത്തിച്ചുതുടങ്ങിയ കാലത്ത് ഈ
കിണററിലേയ്ക്കെത്തിനോക്കി ശബ്ദിച്ച
പ്പോൾ പ്രേതങ്ങളുടെ അട്ടഹാസത്തോടു സാദൃ
ശ്യം വഹിക്കുന്ന ഭീകരമായ മുഴക്കം ഉള്ളിൽനി
ന്നുയർന്നത് ഓർത്തുപോവുകയാണ്. പരീക്ഷ
ണാർത്ഥം ഞാൻ ആ കിണററിനുള്ളിലിട്ട
കശുവണ്ടി കിളുത്ത് കിണററിനെമൂടി അഗാധ
തയിൽ നിന്നുയർന്ന പറങ്കിമാവായി പൊങ്ങി
ഴിഞ്ഞിരിക്കുന്നു ഇപ്പോൾ. അതിന്റെ വേരു
കൾ ആരുടെയെല്ലാമസ്ഥികളെ തഴുകുന്നു
ണ്ടോ ആവോ ! ഭൂതങ്ങളുടെ കഥ ഭൂതകാല
സംഭവമാണെന്നുവച്ചു വിടുക. ആ പരിസരം
അന്ന് വിജനഭീകരമായിരുന്നു. പത്താം നമ്പർ
ഡോർമിറ്ററിക്കെതിരെ ഇപ്പോൾ യൂക്കാലി
ക്കാട് ഇടതൂർന്ന് വളർന്നിരിക്കുന്നപ്രദേശത്ത്
നാട്ടുകാരാരോ കെട്ടിയിട്ടുപോയ ഒരു കറവയാ
ടിനെ അഞ്ചെട്ടു പട്ടികൾ ചുറ്റും നിന്നാക്രമി
ച്ചു കൊന്ന് ഇറച്ചി കടിച്ചു വലിച്ച സംഭവം ഇ
പ്പോഴും ഓർമ്മയിൽ ചോരച്ചു കിടക്കുന്നുണ്ട്.
അത്ര വിജനമായിരുന്നു അവിടെല്ലാം. കുറു
നരികളും, മുയലുകളും തലങ്ങെയും വില
ങ്ങെയും സഞ്ചരിച്ചിരുന്ന പ്രദേശം. ഒരു വാർ

ഷിക കായികമത്സരവേളയിൽ സായാഹ്നസമയത്ത് നൂറുമീറ്റർ ഓടിയ മുതിർന്നകുട്ടികളോടുമത്സരിച്ചെന്ന പോലെ ഒരു ചെവിയൻ പരേഡ്ഗ്രൗണ്ടിൽ കുറുകെ ഓടിയ സംഭവം പലരുമോർക്കുന്നുണ്ടാവും. "കൂട്ടനായാട്ടുകാരെ, പന്നിക്കൂട്ടം മുയലിതുകളെ വേട്ടയാടിട്ടജസ്രം കൊന്നിട്ടുണ്ടത്ര" എന്ന് മയൂരസന്ദേശത്തിൽ വലിയകോയിത്തമ്പുരാൻ വർണ്ണിച്ചിരിക്കുന്നത് ഈ പ്രദേശത്തെക്കുറിച്ചാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ 'എന്റെ മൃഗയാസ്മരണകൾ' എന്ന ലേഖനത്തിൽ വർണ്ണിക്കുന്ന നായാട്ടുരംഗവും ഇതു തന്നെ. പക്ഷേ, പന്നികളെ നാട്ടുകാർ പണ്ടേ കശാപ്പുചെയ്തിരുന്നു. കുറുനരികളും മുയലുകളും സൈനിക് സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്കു നിരന്തരം സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിഷപ്പാമ്പുകളായിരുന്നു മറ്റൊരു നിത്യസന്ദർശകവിഭാഗം. മൂർഖനും ശംഖുവരയനും അണലിയും സുലഭം. അവർക്കു രാപ്പകൽഭേദമില്ല. മാളികപ്പുറത്തും ബാത്റൂമിലുമെല്ലാം എത്തിനോക്കിയിട്ടുപോകും. ഒരു എൽ. ഡി. ക്ലാർക്കിനെ പകയോടെ പരക്കം പായിച്ചിട്ടുണ്ട് ഒരു ഇരട്ടപ്പാമ്പ്. ഒരധ്യാപകനെ ഒന്നു കടിച്ചുനോക്കുകയും ചെയ്തു. സ്വാദു പിടിച്ചില്ലെന്നുതോന്നുന്നു; പിന്നെ അത്തരം സംഭവമുണ്ടായിട്ടില്ല. പത്തിപൊക്കുന്ന മൂർഖന്റെ തലയ്ക്ക് ഷൂവിട്ടകാലുകൊണ്ടു ചവുട്ടി ദേശരക്ഷയ്ക്കുള്ള ധൈര്യമുണ്ടെന്നുതെളിയിക്കാൻ ചില കൊച്ചുചട്ടമ്പികൾക്കു സൗകര്യമുണ്ടാക്കിക്കൊടുത്തതിന്റെ 'ക്രെഡിറ്റും' ഇവിടത്തെ വിഷസർപ്പങ്ങൾക്കുണ്ട്. ഡോബിഘാട്ടിനപ്പുറമുണ്ടായിരുന്ന പൊട്ടക്കുളത്തിൽ ഏതോ മഞ്ഞക്കമ്പുകൾ ഒടിച്ചുകുത്തിയതുപോലെ നിരനിരയായിതലയുയർത്തി നില്ക്കുന്ന എത്രയോ നീർക്കോലികളെക്കണ്ട് ഒരിക്കൽ അന്തം വിട്ടുനിന്നുപോയ കഥ ഞാനിപ്പോഴുമോർക്കുന്നു. (ഇന്നവിടെ നീർക്കുളവുമില്ല. നീർക്കോലികളുമില്ല.) നത്തും മൂങ്ങയും ചെമ്പോത്തും എത്രയായിരുന്നെന്നോ അന്നെല്ലാം! ഇന്നത്തു

എവിടെച്ചെന്നാലും മനുഷ്യനിലെ വന്യഭാവനയെ ഉദ്ദീപിപ്പിക്കുന്ന പ്രകൃതിപ്രഭാവം. നമ്മെക്കണ്ട് ഒളിക്കുന്ന കുരുവികൾക്ക് അഭയം നല്കുന്ന പടർപ്പുകൾ; ഉറക്കം തൂങ്ങുന്ന ഭീമാകാരങ്ങളായ മൂങ്ങകളെ ഒളിപ്പിക്കുന്ന കാട്ടുമരങ്ങൾ; ഏതെല്ലാമോ ജന്തുക്കളുടെ പാദചിഹ്നങ്ങൾ പതിഞ്ഞുകിടക്കുന്ന വെളിപ്രദേശങ്ങൾ; കായാമ്പൂവിന്റെ ഇന്ദ്രനീലം ചാർത്തിയ കാശാവുകൾ-എല്ലാം വന്യഭാവങ്ങൾ തന്നെ.

കാലാവസ്ഥമാറ്റംതോറും കാമ്പസ്സിന്റെ രൂപഭാവങ്ങളും മാറും. പൂനിലാവിൽ കുളിച്ച വൃശ്ചികരാവുകളിൽ "വല്ലികാനടികൾ വായുസഞ്ചലിത പല്ലവാംഗുലികളിളക്കി നടിക്കുന്ന" കൊച്ചു കൊച്ചു പൊന്തകളിലൂടെ മർമ്മരത്തിന്റെ മന്ദസഞ്ചാരം. ഇരുണ്ട രജനികളിൽ മരങ്ങളെല്ലാം മിന്നാമിനുങ്ങിന്റെ പൊന്മുത്തുമാലകളും ചാർത്തിനില്ക്കുന്ന രാക്ഷസന്മാരായി മാറുന്നു. പടർപ്പുകൾക്കുള്ളിൽ പേടിപ്പെടുത്തുന്ന ചലനങ്ങൾ. വെളുപ്പാൻ കാലത്തെ നേർത്ത കുളിരിൽ കിഴക്കുദിച്ചുയരുന്ന ഭരമിച്ചുണരുന്നൊരു ചന്തം! മഴക്കാലമായാൽ വേഷമാകെ കാഷായവർണ്ണത്തിൽ! പൊട്ടിയൊലിക്കുന്ന ചോരച്ചാലുകൾ പോലുള്ള നീർച്ചാട്ടങ്ങൾ. അവ ഇത്ര അത്യാവശ്യമായി എവിടെ പോകുന്നെന്നു വിസ്മയിച്ചുപോകും. എന്തൊരു തിടുക്കം! ഇടയ്ക്കിടയ്ക്കടിക്കുന്ന കൊടുങ്കാറ്റിനെന്തൊരു ഭീകരത! വെള്ളിടിക്കു പഥ്യപ്രദേശമാണത്രേ ഈ വളപ്പ്. നോക്കിനോക്കി നില്ക്കെ എത്ര സ്ഥാനങ്ങളിലാണ് ഇടിവെട്ടേറ്റിട്ടുള്ളത്! ഒരു ഏപ്രിൽ മാസത്തിൽ ഉച്ചയ്ക്കുശേഷം ട്യൂട്ടോറിയൽ ക്ലാസ്സുകൾ നടന്നു കൊണ്ടിരുന്നപ്പോഴാണ്, ഇന്ന് ക്ലോത്തിംഗ് സ്റ്റോർ സ്ഥിതി ചെയ്യുന്ന ഗോപുരത്തിന്റെ കൂർത്ത സ്തൂപാഗ്രത്തിൽ ഒരു ശക്തമായ ഇടിയുടെ ആഘാതം പതിച്ചതും, മേൽക്കൂരയെ പൊതിഞ്ഞിരുന്ന കൊച്ചു കൊച്ചോടുകളെല്ലാം പേടിച്ചു വിറച്ചു തുരുതുരെ നിലം പതിച്ചതും! കാറ്റിലാകെ കലിതുള്ളി, വെള്ളിടിയിൽ വിറച്ച്, തുള്ളിക്കൊരുകുടമായ കാലവർഷത്തിൽ കുളിച്ച്, അവസാനം ശാന്തമായി തുടർന്നുനില്ക്കുന്ന സൈനി[ക] സ്കൂൾ പരിസരത്തിനെന്തൊരു കുളിർമ്മ[യാ]ണ്! അതിന്റെ സാന്ദ്രശീതളതയിൽ ഉറ[ങ്ങാ]നെന്തൊരു സുഖം!

നാഗരിക സംസ്കാരത്തിന്റെ ഒരു പ[രി]മിതിയെപ്പറ്റി പറയാറുണ്ട് — നക്ഷത്ര[ങ്ങളെ]ക്കാണാൻ തരപ്പെടാറില്ല. നിയോൺ ദീപ[ങ്ങൾ] നിറഞ്ഞ്, പാലൊളിപരത്തുന്ന നഗരവീഥി[ക]ളിൽക്കൂടി നടന്നാൽ നക്ഷത്രങ്ങളെ കാണ[ാൻ] പറ്റുമോ? അടുക്കിവച്ച തീപ്പെട്ടിക്കൂടു[കൾ] പോലെ ഉയർന്നുയർന്നു പോകുന്ന അംബര[ചും]ബികൾക്കിടയ്ക്ക് ആകാശം കാണാൻ മ[നുഷ്യന്] ഇടമെവിടിരിക്കുന്നു? പക്ഷേ, സൈനി[ക] സ്കൂളിലെ നിശാകാശം പ്രശാന്തിയുടെ [സ]ന്ദേശം വഹിക്കുന്നു. ഇരുണ്ടരാത്രിയിൽ പ[രേ]ഡ്ഗ്രൗണ്ടിലെ വേദിയിലിരുന്ന് മേലോ[ട്ടു] നോക്കുക. "നീളവും പരപ്പുമാർന്ന് ഉ[...] തൻ ലോകത്തിന്റെ നീലക്കണ്ണാടിയായ്ക്കൊ[...] മിന്നുന്നൂനീലാകാശം!" സ്വർഗ്ഗത്തി[...] രത്നവ്യാപാരിക്കാരൻ നീലപ്പട്ടിൽ നിരത്തി[വ]ച്ചിരിക്കുന്ന വജ്രക്കല്ലുകൾക്കൊപ്പം വെട്ടിത്തിളങ്ങുന്ന ആയിരമായിരം വെള്ളിനക്ഷത്രങ്ങൾ.

"മുന്നിലെയപാരതയാണതു തുറക്കുന്നു,-
ടെന്നിലെക്ഷുദ്രമോഹങ്ങളെന്തുപോലിതാ
മാഞ്ഞു.
എൻവിലോചനം പതിനായിരമിരട്ടിയായ്-
ത്തൻ വിലോകനശക്തിവികസിപ്പിച്ചാൽ
പക്ഷേ,
ഈ മഹാകാശത്തിന്റെ വിസ്തൃതവികസ്വര-
സീമതന്നൊരു ചെറുകോണിലെങ്ങാനും
മാത്രം
പിന്നിലാണും സർഗ്ഗചൈതന്യവൈ
ചിത്ര്യത്തിൽ-
ച്ചിലതാദ്ഭുതസംബന്ധംകാണുവാൻ
കഴിഞ്ഞേക്കാം."

എന്ന ദാർശനിക ചിന്ത അപ്പോഴാണ് ഉള്ളി[ൽ] ത്തായ്ക്കുന്നത്. പ്രപഞ്ചസൗന്ദര്യത്തി[ന്റെ] ഉത്തുംഗശൃംഗത്തിലിരുന്ന് അപ്രാപ്യ[...]മായ ഗഹനതയിലേയ്ക്ക് എത്തിനോക്കുവാ[ൻ] പ്രേരിതമാകുന്ന സന്ദർഭം! ഭാവത്തിൻ പാര[മ്യ]ടിയിൽ സ്വാതന്ത്ര്യത്തിൻ സ്വഭാവം!



# संस्कृत - विभागः

## विषय - सूचिः


| | | | |
|---|---|---|---|
| 1 | संस्कृतस्य पुनः प्रतिस्थापनम् | — | किशोरः चंद्रशेखरः |
| 2 | ज्ञानीयवुद्धम् | — | सुनीलः प्रशांत |
| 3 | डॉ. वी. रा. शास्त्री | — | गोविंदः स टेकाले |
| 4 | भारतदर्शनवर्षम् | — | वा. पु. प्रशांतः |
| 5 | निर्धनस्य धनं रामः | — | निर्धनदासः |
| 6 | स्वागत - पाठशाला: | — | गोपकुमारः |
| 7 | संस्कृतस्य महत्त्वम् | — | प्रविण वा. नायर |
| 8 | विनायकस्य माहात्म्यम् | — | जिबिन उन्नीकृष्णः |
| 9 | गीतामाहात्म्यम् | — | संकलकः - प्रियरंजनसिन्हा |

# खातीययुद्धम्

सुनिलः प्रशांतः
एकादशकक्षा

अस्मिन् वर्षे खातीययुद्धं आरब्धम्। इराक राष्ट्रपतिः श्रीसद्दामहुसेन महाभागेन यदा कुवैत देशात् स्वसैन्यं न परावर्तितं तदा अमेरिका संनद्धी बहुराष्ट्रदलेभ्या इराकस्य उपरि आक्रमणं कृतम्। अस्मिन् युद्धे न केवलं मानवानां जीवहानि- जायते अपितु पर्यावरणसंकटं अपि उत्पन्नम्। कुवैत देशात् तैलस्य समुद्रे गमनं खातीयपक्षीविरलाय अभिशापी एव वर्तते। यदि युद्धं अधिककाल-पर्यन्तं प्रचाल्यते तर्हि तैलमूल्ये वृद्धिः अनिवार्या। तैलवृद्धि सर्ववस्तूनां महर्घतायै कल्पते। इत्थं खातीययुद्धं अखिलविश्वाय संकटरूपेण आगतम्।

युद्धविरामाय सर्वे अपि प्रयत्नाः अविरताः सन्ति। किन्तु इराकामेरीका देशौ एव युद्धविरामं कर्तुं समर्थौ। भारते 'ॐ शांतिः शांतिः शांतिः'- इति शांतिपाः अतीव लोकप्रियः अस्ति। इदं शांतिपठनं हुसेन बुशमहाभागाभ्यां कर्तव्य युद्धविरामश्च कर्तव्यः। खातीययुद्धस्य परिणामाः अस्य शताब्दस्य अंतं यावत् अनुभाव्या। एतदर्थं युद्धविरामो भूत्वा पुनश्च शांतिप्रतिष्ठा भवेत् इति आशा मे।

# संस्कृतस्य पुनःप्रतिस्थापनम्

किशोरः चंद्रशेखरः
दशमकक्षा

केंद्रीय - माध्यमिक - शिक्षामंडलेन संस्कृतस्य अध्ययनं पुनः शिक्षाप्रणाल्यां पूर्णविषयरूपेण प्रस्थापितं इति हर्षस्य विषयो वर्तते । गतवर्षे एतेन मंडलेन संस्कृतं हिंदीभाषायाः अंशरूपेण संस्कृतस्य पठनं निर्धारितमासीत् । स निर्णयः भारतस्य सर्वोच्चन्यायालयेन स्थगितः आसीत् । अधुना तु नवनिर्णयः संस्कृतस्य विद्यापीठेषु महत्वं पुनः प्रस्थापयति । 'संस्कृतिः संस्कृताश्रिता' इति सुप्रसिद्धम् । भारतीयभाषाणां जननी संस्कृतभाषा । उक्तं च -

'भानुवद् भारतीयानां भास्वद् भवनभासिनी । भागीरथीव भावाढ्या भारते भातु भारती ।' एषा सुरभारती सर्वेषां भारतीयानां उत्थानाय पोषका भवेत् इति मम दृढविश्वासः ।



# डॉ. बो. रा. शास्त्री

गोविंद : घ टेकाले

डॉ. बोम्मकंटीरामलिंगशास्त्री महाभागस्य सप्तति वर्षे हैद्राबादनगरे निधनं संस्कृतानुरागिणां कृते दुःखस्य विषयः अस्ति । डॉ. शास्त्री महान् विद्वान्, व्याख्याता लेखकश्चासीत् । स उस्मानिया विश्वविद्यालयस्य संस्कृतविभागाध्यक्षः अपि आसीत् । 1988 इति वर्षे राष्ट्रपतिना संमानप्रमाणपत्रदानेन समालंकृतः आसीत् । कांचीकामकोटिशंकराचार्यैः स सम्मानितः । स महामहोपाध्याय, विद्यावाचस्पति, शास्त्रचूडामणि च इति बिरुदैः अपि अलंकृतः आसीत् ।

तेन अनेकानि पुस्तकानि संस्कृतभाषायां लिखितानि । तस्य अवतरणीयं नाटकं 'आदिशंकरम्' हैद्राबाददूरदर्शने प्रसारितं रसिकैः च प्रशंसितम् । डॉ शास्त्री मंदिरमठेषु पुराणरामायणमहाभारतविषयेषु प्रवाचकरूपेणापि सुप्रसिद्धः जातः ।

एतासां पंक्तीनां लेखकः अपि तस्य शिष्यः आसीत् । यदा तेन श्रुतं यत् तस्य शिष्य अपि संस्कृताध्यापकपदे नियुक्तः, तदा स अतीव हर्षितः ।

उस्मानिया - विद्यापीठस्य संस्कृताकादमी इति संस्थायाः अपि स निर्देशक अभवत् । डॉ. शास्त्रीणां अनुस्मरणं संस्कृताध्ययनाध्यापनस्य प्रचार प्रसारयत्नेन एव सुचारु भवेत् । शास्त्रीमहोदयानां निम्नलिखिताः पंक्तयः अतीव सुप्रिया आसन् -

रम्याणि वीक्ष्य मधुरांश्च निशम्य शब्दान्
पर्युत्सुकीभवति यत्सुखितोऽपि जन्तुः ।
तच्चेतसा स्मरति नूनमबोधपूर्वं
भावस्थिराणि जननांतर - सौहृदानि ।।

# भारतदर्शनवर्षम्

मा पू प्रशांतः,
सप्तमकक्षा

इदं वर्षं भारतदर्शनाब्दस्य रूपेण घोषितम्। अस्मिन् वर्षे विदेशपर्यटकाः अत्र आगत्य अस्य देशस्य दर्शनं कुर्वन्ति इति पार्श्वभूमिः। केंद्रशासनं राज्यशासनानि च अस्मिन् कार्ये सहयोगं कुर्वन्ति। पर्यटनविभागाः शासकीयाशासकीय भोजनावासालयाः च पर्यटकान् आमंत्रयन्ति। अस्माकं देशः सुसंपन्नो वर्तते। यातायातव्यवस्थानि अपि अत्र वर्तन्ते। नवदेहली नगरदेहली, आग्रा, वाराणसी, रामेश्वर इति सुरम्याणि पर्यटकस्थलानि, प्रयागस्य गंगायमुनासरस्वती- त्रिवेणी संगमः, भाक्रानांगल, नागार्जुनसागर, इडिक्की इति विविधजलविद्युत्केन्द्रस्थानि, आरेहूत्पालयः, अजंठा, एलोरा इति पुरातत्वविदस्थाना आनंदवर्धिनिवासाये, प्राचीनदुर्गाश्च पर्यटकानां चित्तानि आकर्षयन्ति। उक्तं च –

'एतद्देशप्रसूतस्य सकाशादग्रजन्मनः।
स्वं स्वं चरित्रं शिक्षेरन् पृथिव्यां सर्वमानवाः॥'

सर्वे पर्यटकाः भारतदर्शनं कृत्वा उपरिसंदेशं गृहीत्वा विश्वशांत्यै कार्यं कुर्वन्ति इति आशासे।



# निर्धनस्य धनं रामः

'निर्धनदास':

'अजरामरवत् प्राज्ञो विद्यामर्थं च साधयेत्।
गृहीत इव केशेषु मृत्युना धर्ममाचरेत्॥'

इति श्लोकः सुप्रसिद्धः। विद्यार्जनं, धनार्जनं च धर्माच-रणाय द्वे साधने स्तः। किन्तु आधुनिके जीवने धनमेव एकमेव जीवितलक्ष्यं जातं इति अहं मन्ये। विद्याविहीनः पशुः इति श्लोकांशस्य स्थाने धनविहीनः पशुः इति लोकाभिप्रायः वर्तते। ब्रह्म सत्यं जगन्मिथ्या इति शंकराचार्येण कथितम्। तथैव भीष्माचार्येण कथितं 'अर्थस्य पुरुषो दासः'।

मम तु एवं विश्वासः 'निर्धनस्य धनं रामः' यदि श्रीरामे दृढविश्वासः विद्यते, तर्हि मानवानां सर्वेऽपि प्रश्नानां उत्तराणि लभ्यते। मया जीवने इद अनुभूतम्। श्रीलालकृष्णआडवानीमहाभागेन श्रीरामस्य मंदिराय पदयात्रा कृता; किंतु निर्धनस्य धनं रामः इति संदेशप्रसारार्थं भारतस्य पदयात्रा कर्तव्या। यदि अयं संदेशः प्रसारितः, तर्हि धनलोभेन भ्रष्टाचारः अत्याचाराः न भविष्यंति इति मे दृढविश्वासः।

# स्वायत्त - पाठशालाः

गोपकुमारः,
अष्टमकक्षा

केंद्रीयमाध्यमिकशिक्षामंडलेन स्वायत्तपाठशालानां नीतिः उद्घोषिता। एतेन मंडलेन स्वायींस्वीकृताः अखिलाः पाठशालाः स्वायत्तपाठशालाप्रस्तावविषये स्वीयं मंतव्यं प्रदातुं प्रार्थिताः। ज्ञायते यत् नैकाः पाठशालाः स्वायत्ताः भवितुमिच्छंति। सैनिकशालासंचालकमंडलेनापि तत्वतः स्वायत्ततानीतिः स्वीकृता आसीत्। किंतु अंतिमनिर्णयात् प्राक् सैनिकशालानिरीक्षणाधिकारीमहाभागेन सर्वे सैनिकशालाप्राचार्याः एतस्मिन् विषये स्वविचारान् प्रकटयितुं प्रार्थिताः। एका प्रश्नावलिरपि प्रेषिता अस्ति यस्यां हि स्वायत्तता एकला संयुक्तत्वा वा इच्छिता इत्यपि पृष्टम्।

हर्षस्य विषयोऽस्ति यत् अस्माकं शालया तु संयुक्त- स्वायत्तताविषये स्वीयमतं प्रकटितम्। सैनिकशालानां ध्येयं राष्ट्रीय रक्षाप्रबोधिन्यां बालानां प्रवेशः वर्तते। एतदर्थं स्वायत्तरूपेण स्वपाठ्यक्रमः पाठ्यपुस्तकानि च निर्धारयितुं शक्यते। अत एव केंद्रीयमाध्यमिकशिक्षामंडलस्य स्वायत्ततांप्रस्तावः अभिनंदनीयः। उक्तं च -

'अध्ययने स्वायत्तता, अध्यापने च स्वातंत्र्यम्,
छात्राणां अध्यापकानां च उत्थानाय प्रकल्पते।।'

विद्यादानं नितांतं पुनीतं कार्यं वर्तते। विशेषतः च भारतस्य सेनाधिकारीप्रशिक्षणाय शिक्षाक्षेत्रे स्वायत्तता कांक्षणीया। आशासे यत् आगामिनि शिक्षासत्रे एषा स्वायत्तता कार्यरूपेण सफला भविष्यति।



# संस्कृतस्य महत्त्वम्

प्रवीण : बा. नायर,
सप्तमकक्षा

नवदेहल्यां फेब्रुवारीमासे राष्ट्रपतिना श्रीरामस्वामी वेंकटराममहोदयैः लालबहादुर संस्कृत विद्यापीठाय विश्वविद्यालयस्य समकक्षता प्रदत्ता इति संस्कृतानुरागीणां हर्षस्य विषयः अस्ति। तेन संस्कृतं न केवलं भारतस्य अपि तु सकलमानवतायाः संस्कृतिकनिधिरूपेण वर्णितम्।

अस्मिन् विषये 'हिंदु' इति आंग्लपत्रे प्रकाशिते डॉ. रामकुमारस्वामी महोदयानां संस्कृतविषये विचाराः अपि स्तुत्याः संति। सः वदति — संस्कृतस्य अध्ययनं नितांतं महत्त्वपूर्णं वर्तते। डॉ. रामः आनंदकुमारस्वामीमहोदयस्य पुत्रः अस्ति। तेन हरद्वारे एकस्मिन् गुरुकुले संस्कृतं पठितम्।

अधुना संस्कृतं सर्वेषु केंद्रीयविद्यालयेषु देशस्य द्विशतविद्यापीठेषु च पठ्यते पाठ्यते च। केंद्रीयशासनेन राष्ट्रीयसंस्कृतसंस्थानं स्थापितं यत् संस्कृतप्रचारप्रसाराय बद्धपरिकरमस्ति। साहित्याकादम्या 'संस्कृतप्रतिभा' इति षाण्मासिकं प्रकाश्यते यस्मिन् हि नवलेखकानां कृतयः प्रादेशिकभाषाणां कृतीनां संस्कृतानुवादश्च प्रकाश्यते।

केरले अपि संस्कृतस्य पठनं पाठनं पाठशालासु महाविद्यालयेषु च क्रियते। केरलविश्वविद्यालयस्य समृद्धो एको हस्तलिखितविभागो वर्तते यस्मिन् हि प्राचीनसंस्कृतपुस्तकानां पांडुलिपयः संति। एषः विभागः 'जर्नल ऑफ मॅन्युस्क्रिप्ट स्टडीज' इति एकं नियतकालिकं प्रकाशयति। एतेन विभागेन हि भासस्य नाटकानि तस्वईगणपतिशास्त्रीणां संपादकत्वे प्रकाशितानि।

इत्थं संस्कृतस्य महत्वं भारतस्य शासकीयसंस्थानीभिः अपि प्रकटितं अस्ति यतो हि संस्कृतभाषा प्रायः बहुसंख्यभारतीयभाषाणां जननी अस्ति। उक्तं च -

'संस्कृते भारतस्य मूल्यानि, संस्कृते भारतस्य तत्त्वानि।
संस्कृते भारतस्य मूलानि, भारतीयसंस्कृतिः संस्कृताश्रिता।।'
अत एव कथितं यत् -
'अयं निजः परो वेति गणना लघुचेतसाम्।
उदारचरितानां तु वसुधैव कुटुंबकम्।'

# विनायकस्य साहसम्

जिसिन : उन्नीकृष्णः,
अष्टमकक्षा

विनायकः एकादशकक्षायाः छात्रः आसीत्। यदा खाडीयुद्धं आरब्धं तदा तेन एकं स्वप्नं दृष्टम् यस्मिन् हि स शांतिदूतरूपेण श्रीसद्दामहुसैनजॉर्जबुशमहाभागयोः समेतं संभाषणे कृते। तस्य कृते संयुक्तराष्ट्रसंघेन एकं विशेषं वायुयानमपि आयोजितं आसीत्।

यदा हि स बगदादं संप्राप्तः तत्र तेन इराकः विदेशमंत्रिणा श्रीतारीक अजीजमहोदयेन सत्कृतः। तेन श्रीहुसैनमहोदयाय संयुक्तराष्ट्रसंघस्य महासचिवेन श्रीपेरेजदकुईयरमहोदयेन लिखितं पत्रं प्रदत्तं यस्मिन् हि खाडीयुद्धविरामाय शांतिप्रस्थापनाय च प्रस्तावः आसीत्। एषः प्रस्तावः मूलरूपेण तु सोवियटसंघस्य राष्ट्रपतिना प्रदत्तः आसीत् किंतु यदा सोवियटप्रस्तावः अमेरिकया अस्वीकृतः तदा हि अस्माकं शांतिदूतः संयुक्तराष्ट्रसंघस्य मुख्यालये अर्थात् न्युयॉर्कनगरे उपस्थितः।

श्रीहुसैनमहाभागेन तु सोवियटप्रस्तावः प्रथममेव स्वीकृतः आसीत् इति तेन बगदादनगरे विदितम्। तदा हि अस्माकं शांतिदूतः वाशिंगटननगराय प्रस्थितः। तत्र तेन अमेरिकाराष्ट्रपतिः श्रीबुशमहाशयः दृष्टः। श्रीबुशमहाभागैः विनायकः लंडननगराय प्रेषितः। तस्मिन् नगरे विनायकेन ब्रिटिशप्रधानमंत्री श्रीमेजरमहोदयः अभिदृष्टः।

तदा ब्रिटिशप्रधानमंत्रिणः शांतिप्रस्तावाय स्वीकृतिं गृहीत्वा विनायकः पुनरपि एकदा न्युयॉर्कनगरं संप्राप्तः यत्र हि तेन अमेरिकराष्ट्रपतेः शांतिप्रस्तावाय ब्रिटिशस्वीकृतिः निवेदिता। तदनंतरं विनायकेन सोवियटराष्ट्रपतिः श्रीगोर्बाचेव्ह महोदयः प्रार्थितः यत् हि श्रीमेजरबुशमहोदययोः शांतिप्रस्तावाय सोवियटस्वीकृतिः लब्धा।

एतदनंतरं विनायकेन न्युयॉर्कनगरे श्रीकुइयारमहोदयसमेतं समाचारपत्रदूरदर्शनप्रतिनिधिभिः संभाषणं कृतं खाडीयुद्धविरामस्य घोषणा कृता। अस्मिन् समये विनायकस्य माता तं स्वप्नात् जागृतं अकरोत्। तदा तु विनायकः स्वमातरं स्वप्नवृत्तांतं अकथयत्। माता च प्रसन्ना अभवत् यत् स्वप्नेऽपि तस्याः बालकः शांतिस्थापनार्थं प्रयत्नरतो आसीत्।



# गीतामाहात्म्यम्

संकलक : प्रियरंजनसिन्हा,
द्वादशकक्षा

1 एकादशी तिथीनां च आश्रमाणां यथा यतिः।
सर्वशास्त्रागमानां तु तथा गीता च कीर्तिता।।

2 गीता सुगीता कर्तव्या हित्वान्यत् शास्त्रसंग्रहम्।
तुष्टये देवदेवस्य वासुदेवस्य चक्रिणः।।

3 सर्वशास्त्रमयी गीता सर्ववेदमयो हरिः।
सर्वतीर्थमयी गंगा तस्माद् गीतां समभ्यसेत्।।

4 गीताध्ययनशीलस्य मिथोभीक्तिरतस्य च।
द्वादशीं सेवमानस्य शाश्वतं पदमव्ययम्।।

5 गीतां गायति यो नित्यं कपिलाश्वत्थसंनिधौ।
छात्रीछायां समाश्रित्य सर्वाश्रमफलं लभेत्।।

6 गंगा गीता च गायत्री गोविंदो यस्य चेतसि।
स गच्छेत् परमं स्थानं तेजोमूर्तिमनामयम्।।

7 गीतायाः श्लोकपाठेन गोविंदेति च कीर्तनात्।
यतो दर्शनमात्रेण तीर्थकोटिफलं लभेत्।।

8 गीताया श्रवणे यस्य मानसं परिवर्तते।
तस्य वैवस्वतो राजा कुरुते लिपिमार्जनम्।।

9 यो अहर्निशं हरेर्भक्त्या गीतामभ्यसते नरः।
न लिप्यते महापापैस्तथाविस्यो भवेद्यदि।।

10 यथोदितो रविर्भाति घृतसिक्तो यथानलः।
पितृमातृरतः पुत्रो गीताध्यायी तथा नरः।।

11 गीताध्यायमिदं पुण्यं यः पठेत् सततं नरः।
विष्णोः पदमवाप्नोति भयशोकविवर्जितः।।

# KTDC IS ALL SET TO MAKE YOUR TOURS COMFORTABLE & ENJOYABLE

KTDC is conducting various delightful sight seeing tours from Trivandrum & Ernakulam to major tourist spots in Luxury Coaches & Boats. the best and inexpensive way to explore the fine Tourist Spots.

**Tours from Thiruvananthapuram :**

* Thiruvananthapuram City
* Kanyakumari
* Ponmudi
* Thekkady
* Courtallam
* Mookambika
* Bangalore
* Kodaikanal
* Thiruppathy
* Goa
* Guruvayoor
* Bombay etc.

**Tours from Ernakulam :**

* Thekkady
* Velankanni
* Athirappally
* Sight Seeing tours by Boat in Cochin Backwaters.

**Also arranges tours to any destination & Luxury Coach Hire Services available.**

*For details and Reservation Contact :*

KTDC Tourist Reception Centres :

1. Thampanoor,
   Thiruvananthapuram.
   Phone : 75031
2. Shanmugham Road,
   Ernakulam.
   Phone : 353234

*KERALA TOURISM DEVELOPMENT CORPORATION LIMITED*
*MASCOT SQUARE, THIRUVANANTHAPURAM-695033*
*PHONE : 68476, 68715, 68627*

*with best compliments from:-*

## C. Krishnan

**Vegetable Contractor,**
**Palayam,**
**Trivandrum.**

*with best compliments from:-*

## ELITE FOODS

**Private Limited**

**Sabu Jose**
Marketing Co-ordinator

**DEVELOPMENT AREA**
**AROOR, ALLEPPEY DIST - 688 534**
**KERALA, S. INDIA.**
Phone : 806349, 806662, 806661
Telex : 0885 - 6662 ELIT IN

'ANCHORAGE' BLDG.
NO. 9, PALLIYIL LANE
COCHIN - 682 016, KERALA, INDIA
Phone : 354069, 369435
Telex : 885 - 6662 ELIT IN

## Again a tryst

We are again having a "Tryst with Destiny" ............
Let us swear to wipe out
the forces of disintegration from our country
Independent India is passing through one of the decisive
periods of its history............

Now, it is high time
each and every citizen
came to the aid of his
great motherland

Let 'Union' 'Co-operation' 'Collective work' etc............
be the watchwords of the moment
Don't forget : now or never :

PUBLIC RELATIONS DEPARTMENT : GOVERNMENT OF KERALA

*with best compliments from:-*

Phones { 68477, 68751, 68305

Res : 60330

## LAL TOURIST HOME

**THAMPANOOR, TRIVANDRUM - 695 014**

**A/C & Non-A/C Spacious Rooms with lift & T. V. Hot Water Facilities, Phones, A/C Bar and Restaurant Near Trivandrum Central Railway Station & Bus Station**

*with best compliments from:-*

## K. Mohan

**Eggs Contractor, Thiruvananthapuram.**

*With best compliments from:-*

## Seaside Firms,

**Puthenthope**

**(Chicken Contractors)**

# Details of Publication

| | | |
|---|---|---|
| 1 | Name of the journal | : Kazhakootam Cadet |
| 2 | Place of Publication | : Sainik School |
| 3 | Periodicity of Publication | : Annual |
| 4 | Copies printed | : 1000 |
| 5 | Distribution | : Free |
| 6 | Editor | : Dr. C. K. C. Nair, Master, Sainik School |
| 7 | Owner and Publisher | : Principal, Sainik, School, Kazhakootam |
| 8 | Printer | : Vijayanand Printers, Kazhakuttom |

I, Dr. C. K. C. Nair, hereby declare that the particulars given above are true to the best of my knowledge and belief.

(Sd)

Dr. C. K. C. Nair

1 The Sainik School, Kazhakootam gratefully acknowledges the receipt of magazines and periodicals from all other sister institutions in the Country.

2 Contribution of poems, articles and reminiscences from old boys for publication in the next issue of the magazine, is earnestly invited